# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1348

12.03.2015-ൽ മറുപടിയ്ക്ക്

### വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയുടെ നിർമ്മാണം

| ചോദ്യം<br>**ശ്രീ. എസ്. ശർമ്മ** | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയുടെ നിർമ്മാണപ്രവർത്തനം അനിശ്ചിതമായി തടസ്സപ്പെട്ടു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പ്രവൃത്തി 30.04.2015-നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ എന്തെന്ന് വിശദീകരിക്കാമോ; | (സി) GIDA-യുടെ ഫണ്ട് ഉപയോഗിച്ചാണ് പ്രവൃത്തി നടത്തുന്നത്. GIDA യിൽ നിന്ന് ഫണ്ട് യഥാസമയം ലഭ്യമാകാത്തതിനാൽ പണി ചെയ്യുവാൻ കോൺട്രാക്ടർ വിമുഖത കാണിക്കുന്നുണ്ട്. |
| (ഡി) ടി പ്രവൃത്തിയുടെ കരാർ കാലാവധി ഏതു തീയതിവരെയെന്നും, സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ എത്ര തവണ, എന്തു കാരണത്താലെന്നും വ്യക്തമാക്കാമോ; | (ഡി) ടി പ്രവൃത്തിയുടെ കരാർ കാലാവധി 02.03.2015 വരെയാണ്. ക്വാറി സമരം മൂലം ഒരു തവണ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ഇ) പ്രവൃത്തി ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഇ) ആവശ്യമായ ഫണ്ടു ലഭ്യമാക്കാൻ GIDA സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഊർജ്ജിതപ്പെടുത്തുന്നതിന് കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ